**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 382** **29-01-2024 - ൽ മറുപടിയ്ക്ക്**

**മാലിന്യമുക്ത നവകേരളം ക്യാംപെയ്ൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മാലിന്യ പ്രശ്നത്തിന് ശാശ്വതപരിഹാരം കാണുന്നതിനായി നടപ്പിലാക്കുന്ന മാലിന്യമുക്തം നവകേരളം ക്യാംപെയ്നിന്റെ വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്തെ 2025 ഓടെ മാലിന്യമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ 2023 ഫെബ്രുവരി-4 ന് ***മാലിന്യമുക്ത കേരളം*** പദ്ധതി ബഹു. മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിച്ചിരുന്നു. എന്നാൽ ബ്രഹ്മപുരം മാലിന്യ സംസ്കരണ പ്ലാന്റ് തീപിടുത്തം ഉണ്ടായതിനെ തുടർന്ന് കോടതി സ്വമേധയാ കേസെടുക്കുകയും 2024 മാർച്ചിന് മുമ്പ് കേരളത്തെ മാലിന്യമുക്തമാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്യുകയുണ്ടായി.<br>ആയതിന്റെ അടിസ്ഥാനത്തിൽ 2024 മാർച്ച് 30-ഓടെ കേരളത്തെ സമ്പൂർണ്ണ മാലിന്യമുക്ത സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ *മാലിന്യമുക്തം നവകേരളം* എന്ന ക്യാമ്പയിന് തുടക്കം കുറിച്ചിട്ടുണ്ട്.<br>സമഗ്രവും സുസ്ഥിരവുമായ ഒരു സംവിധാനം രൂപപ്പെടുത്തിയെടുക്കാനാണ് സർക്കാർ നിശ്ചയിച്ചിട്ടുള്ളത് . മാലിന്യ സംസ്കരണത്തിനുള്ള അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങളുടെ നിർമ്മാണം, സേവനപ്രദാന സംവിധാനവും പ്രക്രിയയും ഉറപ്പാക്കൽ, സേവന ദാതാക്കളുടെ വൈദഗ്ദ്ധ്യവും നൈപുണ്യവും വികസിപ്പിക്കൽ, ആവശ്യമായ പുതിയ നിയമങ്ങൾ, ചട്ടങ്ങൾ, ഉത്തരവുകൾ, മാർഗ്ഗരേഖകൾ എന്നിവ വികസിപ്പിക്കൽ, ജനങ്ങളുടെ മനോഭാവവും ശീലവും ശാസ്ത്രീയ മാലിന്യ സംസ്കരണത്തിന് അനുയോജ്യമാക്കൽ മാലിന്യ സംസ്കരണ രംഗത്തെ സംരംഭ സാധ്യതകൾ പരമാവതി ഉപയോഗിക്കുക തുടങ്ങി വിപുലവും വൈവിധ്യവുമാർന്ന പ്രവർത്തനങ്ങളാണ് മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി നടത്തുന്നത്.<br>മൂന്ന് ഘട്ടങ്ങളായാണ് ഈ ക്യാമ്പയിൻ പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത് . |
| (ബി) | പ്രസ്തുത ക്യാംപെയ്നുമായി ബന്ധപ്പെട്ട് മാവേലിക്കര | (ബി) | മാവേലിക്കര നിയോജകമണ്ഡലത്തിൽ മാവേലിക്കര |

| | | | |
|---|---|---|---|
| | മണ്ഡലത്തിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കിയതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | | മുനിസിപ്പാലിറ്റിയും, തഴക്കര, മാവേലിക്കര തെക്കേക്കര, ചുനക്കര, വള്ളികുന്നം, പാലമേൽ, നൂറനാട്, താമരക്കുളം എന്നീ ഗ്രാമപഞ്ചായത്തുകളുമാണുള്ളത്.<br><br>100 ശതമാനം വാതിൽപ്പടി ശേഖരണ ഉറപ്പാക്കുന്നതിന് ക്യാമ്പയിൻ പ്രവർത്തനങ്ങൾ<br><br>പ്രവർത്തന രഹിതമായി കിടക്കുന്ന പൊതുമാലിന്യ സംസ്കരണ സംവിധാനങ്ങൾ പ്രവർത്തിപ്പിക്കുക.<br><br>സ്നേഹാരാമ നിർമാണം/പരിപാലനം<br><br>എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക<br><br>വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മാലിന്യ സംസ്കരണ ഉപാധികൾ സ്ഥാപിക്കുക.<br><br>ഹരിതകർമ്മസേനയുടെ ബ്രാൻഡിംഗ് നടത്തുന്നതിന് ആവശ്യമായ പരിശീലനം നൽകി വരുമാനദായകരമായ അനുബന്ധ പ്രവർത്തനങ്ങൾ നടത്തുക.<br><br>ഹരിതമിത്രം ആപ് ഉപയോഗം 100 ശതമാനം ആക്കുക<br><br>സർക്കാർ സ്ഥാപനങ്ങളെ ഗ്രേഡിംഗിന് വിധേയമാക്കുക. |

സെക്ഷൻ ഓഫീസർ